മഞ്ചേശ്വരം സീതാംഗോളിയിൽ ഐ.ടി.ഐ.

89 (4145) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ സീതാംഗോളിയിൽ പുതുതായി അനുവദിച്ച ഐ.ടി.ഐ. എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ബി) ഈ ഐ.ടി.ഐ. യിൽ ഏതെല്ലാം കോഴ്സുകളാണ് ശുപാർശ ചെയ്തിരിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷംതന്നെ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ എന്നീ ട്രേഡുകളാണ് സീതാംഗോളിയിൽ പുതിയ ഐ.ടി.ഐ.-ക്കായി ശുപാർശ ചെയ്തിരിക്കുന്നത്.

ഐ.ടി.സി.കൾ

90 (4146) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഐ.ടി.സി.കൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ടി.സി.-കൾ ആരംഭിക്കുന്നതു സംബന്ധിച്ച അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി 121 ഐ.ടി.സി.-കൾ ആരംഭിച്ചു. കൂടാതെ 6 പുതിയ ഐ.ടി.സി.കൾക്ക് 2010 ആഗസ്റ്റ് മുതൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അഫിലിയേഷൻ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗിൽ നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അവസാന തീയതിയായ 10-2-2010 വരെ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകൾ

91 (4147) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ പരിശീലന വകുപ്പിൽ 2010 മാർച്ച് 31-ലെ വിരമിക്കൽ മൂലവും അതിനുമുൻപും ഉണ്ടായ എത്ര ഒഴിവുകൾ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ,

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്, പ്രിൻസിപ്പാൾ ക്ലാസ്-1, ജൂനിയർ ഇൻസ്ട്രക്ടർമാർ എന്നീ വിഭാഗങ്ങളിൽ ഉണ്ട് ; ഇവ ഉണ്ടായ തീയതി എന്നാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഈ ഒഴിവുകളിൽ എന്നേക്ക് നിയമനം നടത്തുമെന്ന് അറിയിക്കുമോ ;

(സി) വ്യവസായ പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ എത്രയെണ്ണം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, പി.എസ്. സി. വഴിയോ നികത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 1. അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഒഴിവ് - 1

ഒഴിവ് വന്ന തീയതി - 1-4-2010

2. ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഒഴിവുകൾ - 3

ഒഴിവുവന്ന തീയതി - 12-3-2010- ഒന്ന്
1-4-2010- രണ്ട്

3. ഡപ്യൂട്ടി ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഒഴിവുകൾ - 3

ഒഴിവ് വന്ന തീയതി - 12-3-2010- രണ്ട്
1-4-2010- ഒന്ന്

4. അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഒഴിവില്ല

5. ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്

ഒഴിവില്ല.

6. പ്രിൻസിപ്പാൾ ക്ലാസ്സ് - 1

ഒഴിവ് - 2 എണ്ണം.

ഒഴിവുവന്ന തീയതി - 5-12-2009-ഒന്ന്
1-4-2010-ഒന്ന്

7. ജൂനിയർ ഇൻസ്ട്രക്ടർ

ഒഴിവ് - 341 എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) മേൽപ്പറഞ്ഞ ഒഴിവുകൾ ജൂനിയർ ഇൻസ്ട്രക്ടർ ഒഴികെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കി നികത്തിവരുന്നു. ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ 149 എണ്ണം പി.എസ്.സി. വഴി നികത്തുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനുയോജ്യരായ ഉദ്യോഗാർത്ഥികളെ പി.എസ്. സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് ടി ഒഴിവുകൾ നികത്താൻ കഴിയും. പി.എസ്.സി. ഒഴിവുകൾ നികത്തുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയും ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ചും ഐ.ടി.ഐ.കളിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്.

വകുപ്പിൽ പുതിയതായി ആരംഭിച്ച ട്രേഡുകളിലെ 192 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പുതിയ ട്രേഡുകളിലെ ഇൻസ്ട്രക്ടർ നിയമന യോഗ്യതകൾ പ്രത്യേക ചട്ടത്തിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിലാണ് ടി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത്. വകുപ്പിൽ നിലവിലുള്ള പ്രത്യേക ചട്ടം, കേരള ക്രാഫ്റ്റ്മെൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1971 ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള വകുപ്പുതല കരട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ട്രെയിനിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭിക്കുന്ന തനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

സമഗ്ര ഇൻഷ്വറൻസ് പദ്ധതി

92 (4148) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സ ലഭിക്കുക എന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലുള്ള ആശുപത്രികളുടെ പട്ടികയിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നവയെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ നിബന്ധനകൾ അംഗീകരിക്കുന്ന കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly